● പ്രസാധകക്കുറിപ്പ്

# വീണ്ടുമൊരു പ്ലാച്ചിമട പ്രത്യേക പതിപ്പ്?

**എന്തിനാണ്** പ്ലാച്ചിമട സമരം? എന്താണ് പ്ലാച്ചിമട പ്രശ്നം? കഴിഞ്ഞ ആറുവർഷത്തിലധികമായി പ്ലാച്ചിമടസമരപ്രവർത്തകർ പല വിധത്തിൽ ലോകത്തോടു പറയാൻ ശ്രമിക്കുന്നത് ഇതായിരുന്നു. തങ്ങളുടെ കുടിവെള്ളവും കൃഷിവെള്ളവും തൊഴിലും ആരോഗ്യവും അന്തസ്സും രാഷ്ട്രീയ സ്വാതന്ത്ര്യവും നശിപ്പിച്ചുകൊണ്ടിരിക്കുന്ന കോളകമ്പനിയോടും അവർക്ക് ഒളിഞ്ഞും തെളിഞ്ഞും കൂട്ടുനിൽക്കുന്ന രാഷ്ട്രീയ വ്യവസ്ഥയോടുമുള്ള പ്രതിഷേധമായിരുന്നു അത്. ലോകം മുഴുവൻ കൊണ്ടാടപ്പെട്ടുവെങ്കിലും പ്ലാച്ചിമട കോള നിവാസികളെ സംബന്ധിച്ചിടത്തോളം സമരം ഇപ്പോഴും ലക്ഷ്യം നേടിയിട്ടില്ല, വിജയിച്ചിട്ടില്ല. കേരള സമൂഹത്തിനും ഇനിയുമേറെ ദൂരം പ്ലാച്ചിമട മുന്നോട്ടുവച്ച വെല്ലുവിളികൾ നേരിടാൻ സഞ്ചരിക്കേണ്ടതുണ്ട്. ഇരകളാക്കപ്പെട്ട, ആദിവാസികളുൾപ്പെട്ട പ്രദേശവാസികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ കുടിവെള്ളം ഇനിയും മാലിന്യവിമുക്തമായിട്ടില്ല. ഇപ്പോഴും ടാങ്കർലോറികളിൽ ലഭിക്കുന്ന കുടിവെള്ളമാണ് ആശ്രയം. മുമ്പ് പൈപ്പുവഴി ലഭിച്ചിരുന്ന കുടിവെള്ളംപോലും ഇപ്പോൾ ലഭ്യമല്ല. നീണ്ട ആറുവർഷത്തെ യാതനകളും കഴിഞ്ഞ നാലുവർഷമായി കമ്പനി ഉൽപാദനമില്ലാതെ അടഞ്ഞുകിടക്കുന്നതും സമരതീക്ഷ്ണത കുറച്ചിട്ടുണ്ട്. സമരം ക്ഷീണിച്ചിട്ടുണ്ട്.

എന്തുകൊണ്ട് കേരളീയം വീണ്ടുമൊരു പ്രത്യേക പ്ലാച്ചിമട പതിപ്പ്?

പ്രസിദ്ധീകരണം ആരംഭിച്ചിട്ട് പത്തുവർഷം പിന്നിടുന്ന കേരളീയം ഇതുവരെ ഇറങ്ങിയ 129 ലക്കങ്ങളിൽ 120ലും പ്രത്യേക ലക്കമായി എട്ടെണ്ണത്തിലും പ്ലാച്ചിമട തന്നെയായിരുന്നു മുഖ്യമായുന്നിയിരുന്നത്. സാമൂഹ്യനീതി മുഖ്യവിഷയമാക്കി ലാഭാധിഷ്ഠിതമല്ലാതെ പ്രകാശിപ്പിക്കുന്ന ഒരു സാമൂഹ്യ മാധ്യമമെന്ന നിലയിൽ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ജനകീയ സമരങ്ങളെയും പ്രശ്നങ്ങളെയും നീതിപൂർവം പിന്തുണക്കാനും വളർത്താനുമുള്ള ശ്രമത്തിന്റെ ഭാഗമായി ഇതേ ചെയ്യാൻ കഴിയൂ. വീണ്ടും വീണ്ടും പ്ലാച്ചിമടയിലെ നീതിക്കായി പ്രവർത്തിക്കുക. അതിനായി അന്വേഷിക്കുക.

പ്ലാച്ചിമട പ്രശ്നം പരിഹരിക്കുന്നതിലേക്കായി തീർച്ചയായും സർക്കാരിന്റെ തീരുമാനം നിർണായകമാണ്. അതിന്റെ അനുബന്ധമെന്ന നിലയിൽ പാർട്ടികളുടേയും സർക്കാർ / വിദഗ്ദ്ധ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും പിന്തുണയും അത്യാവശ്യം. അടിസ്ഥാനപരമായി ഇതൊരു രാഷ്ട്രീയ പ്രശ്നമാണ്. സ്വാഭാവികമായും സംഘടിതരാഷ്ട്രീയപാർട്ടികളുടെ ജനവിരുദ്ധ സ്വഭാവംകൊണ്ടാണ് പ്ലാച്ചിമട സംഭവിച്ചത്. ഇവരെല്ലാം പിന്തുണച്ചിട്ടും (!?) സമരം വിജയിക്കാത്തതെന്തുകൊണ്ട്? ജനകീയ പ്രവർത്തകരുടെ രാഷ്ട്രീയ വിദ്യാഭ്യാസക്കുറവും പ്രശ്നമാവാം. മുമ്പൊരിക്കൽ പറഞ്ഞതുപോലെ ജീവനോപാധികളുടെമേൽ ജനങ്ങൾക്കുള്ള അധികാരം യാഥാർത്ഥ്യമാക്കാനുള്ള ഇച്ഛാശക്തിയും സങ്കൽപശക്തിയും ക്രിയാശക്തിയും വികസിപ്പിച്ചുകൊണ്ട് പ്ലാച്ചി



മട സമരത്തെ ലക്ഷ്യം നേടാൻ നമ്മൾ സഹായിക്കുകയാണെങ്കിൽ അതിന്റെ സദ്ഫലം പ്ലാച്ചിമടക്കാർക്കുമാത്രമല്ല നമ്മളെല്ലാവർക്കും കൂടിയാണ്.

മറവിയിലേക്കും അലസതയിലേക്കും അശ്രദ്ധയിലേക്കും പുതിയ പുതിയ പ്രശ്നങ്ങളിലേക്കും വഴിതിരിച്ചുവിടേണ്ടതല്ല പ്ലാച്ചിമട സമരം ഉന്നയിക്കുന്ന വിഷയങ്ങളെന്നതിനാൽ, അത് അന്തസ്സോടെയുള്ള, സ്വാതന്ത്ര്യത്തോടെയുള്ള ആരോഗ്യകരമായ ജീവിതത്തിനായുള്ള, മനുഷ്യന്റെ അടിസ്ഥാനാവകാശമായതിനാൽ ഈ യാഥാർത്ഥ്യത്തിലേക്ക് നമ്മെ ഉണർത്താൻ കേരളീയം പ്ലാച്ചിമട പതിപ്പ് ശ്രമിക്കുന്നു.

വേണ്ടതിലധികം മാധ്യമശ്രദ്ധ ലഭിച്ച പ്ലാച്ചിമട സമരത്തിന് വേണ്ടത്ര പ്രാധാന്യം ഇനിയും ലഭിക്കാത്ത രാഷ്ട്രീയ വിശകലനത്തിനായുള്ള തുടക്കം ഈ ലക്കത്തിന്റെ അതിഥി പത്രാധിപർ കൂടിയായ ഡോ. ടി.ടി. ശ്രീകുമാറിന്റെ പത്രാധിപകുറിപ്പിൽ -പ്ലാച്ചിമടയിൽനിന്ന് ജനാധിപത്യ കേരളത്തിലേക്ക്- തുടങ്ങുന്നു. കേരളരാഷ്ട്രീയവും ഇടതുപക്ഷവും പൊതുസമൂഹവും നിശിത വിശകലനത്തിലൂടെ സി.ആർ. പരമേശ്വരൻ ലേഖനത്തിൽ -സിവിൽ സമൂഹത്തെ പുനർസൃഷ്ടിക്കാൻ - ശ്രമിക്കുന്നു. ജനാധിപത്യവൽക്കരിച്ച ജനകീയ സമരത്തിലൂടെ പ്ലാച്ചിമടയിലെ നീതി നേടണം എന്ന നിരീക്ഷണകുറിപ്പിൽ ഡോ. നിസാർ അഹമ്മദും ഊന്നുന്നത് ഇനിയും ജനാധിപത്യപരമാകേണ്ട പ്രയത്നങ്ങളെകുറിച്ചാണ്. കെ.വേണുവും വിളയോടി വേണുഗോപാലും സി.ആർ. നീലകണ്ഠനും, സി.ആർ. രാജഗോപാലും, എൻ.പി. ജോൺസണും സണ്ണി പൈകടയും, വിജയരാഘവൻ ചേലിയയും എൽദോയുംഎം.കെ.പ്രസാദും, സി.എസ്. ചന്ദ്രികയും, തദ്ദേശവാസികളായ കന്നിയമ്മയും പാർവതിയും മുത്തുലക്ഷ്മിയമ്മമാരും മണിയും ലക്ഷ്മിയും, എല്ലക്കാട് മയിലമ്മയും രാമസാമിമൂപ്പനും മാരിമുത്തുവും മറ്റുള്ളവരും പറയുന്നത് മറ്റൊന്നല്ല, നീണ്ടുനിൽക്കുന്ന യാതനകൾക്കിടയിലും യാഥാർത്ഥ്യങ്ങളിലേക്കുള്ള ഒരു യാത്ര. വിയോജിപ്പുകൾക്കും കൂട്ടിച്ചേർക്കലുകൾക്കുമായി, തുടർപ്രവർത്തനങ്ങൾക്കും നീതിക്കായി സമർപ്പിക്കുന്നു,

പ്രതീക്ഷയോടെ,
**പ്രസാധകൻ**